**No. CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

# എം.ബി.ബി.എസ് പ്രവേശനം –2017

WP(C) No. 19753, 27307 & 28258/2017 എന്നീ റിട്ട് പെറ്റിഷനുകളിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 25.08.2017 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ **Al Azhar Medical College & Super Speciality Hospital, Ezhalloor, Thodupuzha, Idukki, DM Wayanad Institute of Medical Sciences, Kalpetta, Meppadi P.O., Wayanad, Mount Zion Medical College, Chayalode, Adoor, Pathanamthitta** എന്നീ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്ക് 2017–18 അദ്ധ്യയന വർഷം പ്രവേശനം നടത്തുന്നതിന് താൽകാലിക അനുമതി ലഭ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ **2017 ആഗസ്റ്റ് 30, 31** തീയതികളിൽ **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ** വച്ച് നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ പ്രസ്തുത കോളേജുകളെ ഉൾപ്പെടുത്തി അലോട്ട്മെന്റും പ്രവേശനവും നടത്തുന്നതാണ്.

27.08.2017 ലെ സ.ഉ(സാധാ) നം. 2363/2017/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ള **Al Azhar Medical College & Super Speciality Hospital, Ezhalloor, Thodupuzha, Idukki, Mount Zion Medical College, Chayalode, Adoor, Pathanamthitta** എന്നീ ന്യൂനപക്ഷ പദവിയുള്ള കോളേജുകളിലെ താഴെപറയുന്ന മൈനോരിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്കും സ്പോട്ട് അഡ്മിഷനിൽ പ്രവേശനം നൽകുന്നതാണ്.

| കോളേജുകൾ | സമുദായവും യോഗ്യതയും | സമർപ്പിക്കേണ്ട രേഖകൾ | സീറ്റുകൾ |
|---|---|---|---|
| Al-Azhar Medical College & Super Speciality Hospital (AAM) | മുസ്ലിം സമുദായ ത്തിൽപ്പെട്ട വിദ്യാർത്ഥി കൾ | റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് | 44 |
| Mount Zion Medical College (MZM) | The Pentecostal Mission Church വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ | റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് | 60 |

മേല്പറഞ്ഞ മൈനോരിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ബന്ധപ്പെട്ട ന്യൂനപക്ഷ സമുദായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ/രേഖകൾ സ്പോട്ട് അഡ്മിഷനിൽ ഹാജരാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ കോളേജുകളിൽ പ്രവേശനം നേടുന്നവർ 85% സീറ്റുകളിൽ 5 ലക്ഷം രൂപ ഫീസ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായും 6 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് ബാങ്ക് ഗ്യാരണ്ടിയും നൽകാൻ ബാധ്യസ്ഥരാണ്. എന്നാൽ 28.08.2017 ലെ ബഹു. സുപ്രീം കോടതി വിധി പ്രകാരം ബാങ്ക് ഗ്യാരണ്ടി സമർപ്പിക്കുന്നതിന് 15 ദിവസത്തെ സാവകാശം ഉണ്ടായിരിക്കും. ആയതിനാൽ പ്രവേശന സമയത്ത് 5 ലക്ഷം രൂപ ഫീസ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായും ബാങ്ക് ഗ്യാരണ്ടി നൽകാത്തവർ 6 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് നിശ്ചിത മാതൃകയിലുള്ള ബോണ്ടും നൽകേണ്ടതാണ്. കൂടാതെ 15% എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിൽ 20 ലക്ഷം രൂപ ഫീസ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി സ്പോട്ട് അഡ്മിഷൻ സമയത്ത് തന്നെ സമർപ്പിക്കേണ്ടതാണ്.

തിരുവനന്തപുരം
29.08.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**